**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5177** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ സംബന്ധിച്ച വിവരങ്ങൾ അറിയാൻ ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ മുൻ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളാണ് വടകര റവന്യു ഡിവിഷണൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് ആകെ 18927 അപേക്ഷകളാണ് വടകര ഡിവിഷണൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുള്ളതാണ് |
| (ബി) | അതിൽ എത്ര അപേക്ഷകളാണ് ഇതിനോടകം തീർപ്പാക്കിയിട്ടുള്ളതെന്നും ഒരു അപേക്ഷ തീർപ്പാക്കുന്നതിന് ശരാശരി എത്ര ദിവസമെടുക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | 10724 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് റിപ്പോർട്ട് ലഭ്യമായി, സ്ഥലപരിശോധനയും പൂർത്തിയായ അപേക്ഷകളിൽ, ശരാശരി 15 ദിവസത്തിനകം അപേക്ഷ തീർപ്പാക്കും. |
| (സി) | ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യുന്നതിനായി നിലവിൽ എത്ര ജീവനക്കാരാണ് വടകര റവന്യു ഡിവിഷണൽ ഓഫീസിലുള്ളതെന്നും പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്നും അറിയിക്കാമോ; | (സി) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യുന്നതിന് വടകര റവന്യൂ ഡിവിഷണൽ ഓഫീസിൽ 10 ക്ലാർക്ക്, 2 ജൂനിയർ സൂപ്രണ്ടുമാർ എന്നിവർ നിലവിൽ ഉണ്ട്. പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നില്ല. |
| (ഡി) | പ്രസ്തുത ഓഫീസിൽ ഭൂമി തരം മാറ്റൽ സംബന്ധിച്ച ഫയലുകളിൽ ദീർഘകാലമായി തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ ആകെ എണ്ണം എത്രയാണ്; ഇവ തീർപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (ഡി) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട്, 39 അപേക്ഷകൾ, ദീർഘകാലമായി തീർപ്പാക്കാതെ ശേഷിക്കുന്നുണ്ട്. കെ.എസ്.ആർ.ഇ.സി യുട റിപ്പോർട്ട് ലഭിക്കാത്തതും, അപേക്ഷകൻ വിദേശത്തായ കേസുകളിൽ സൗജന്യ തരം മാറ്റത്തിനായുള്ള സത്യവാങ്മൂലം സമർപ്പിക്കാൻ കഴിയാത്തതുമായ സാഹചര്യങ്ങളാണ്, പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാത്തതിന്റ കാരണം. |
| (ഇ) | ഭൂമി തരം മാറ്റൽ സംബന്ധിച്ച അപേക്ഷകളുടെ തൽസ്ഥിതി ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം പ്രവർത്തനമാരംഭിച്ചത് എന്ന് മുതലാണ്; അപേക്ഷ ആദ്യം സ്വീകരിച്ച തീയതിയും ഏത് ഓഫീസിലാണ് | (ഇ) | ഭൂമി തരം മാറ്റൽ സംബന്ധിച്ച ഓൺലൈൻ സംവിധാനം പ്രവർത്തനമാരംഭിച്ചത് 10.01.2022 മുതൽ ആണ്. |

| | | | |
|---|---|---|---|
| | അപേക്ഷ ഉള്ളത് എന്നുമുള്ള വിവരങ്ങൾ മാത്രമേ പ്രസ്തുത സംവിധാനത്തിൽ ലഭ്യമാകുന്നുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. Registered User-ക്ക് login-ൽ അപേക്ഷ സംബന്ധിച്ച തൽസ്ഥിതി വിവരങ്ങൾ ലഭിക്കുന്നതാണ്. |
| (എഫ്) | ഓൺലൈൻ സംവിധാനം ആരംഭിച്ചതിന് ശേഷം ഫയലുകളുടെ വിവരങ്ങൾ ഓഫീസിൽ നിന്ന് നേരിട്ടോ ടെലഫോൺ മുഖേനയോ ലഭ്യമാക്കുന്നതിൽ ജീവനക്കാർ വിമുഖത കാണിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ ഓൺലൈൻ സംവിധാനം പൊതുജനങ്ങൾക്ക് എന്തെങ്കിലും അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എഫ്) | വിവരങ്ങൾ ലഭ്യമാക്കുന്നതിൽ ജീവനക്കാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങൾക്ക് നേരിട്ടും ഫോൺ മുഖാന്തിരവും ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയും അപേക്ഷ സംബന്ധിച്ച തൽസ്ഥിതി അറിയാവുന്നതാണ്. |
| (ജി) | പൊതുജനങ്ങൾക്ക് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ സർക്കാരിന്റെ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ മാതൃകയിൽ ഫയൽ സംബന്ധമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ജി) | ഓൺ ലൈൻ അപേക്ഷകൾക്ക് ആയതിന്റെ സമ്പൂർണ്ണ work flow നിലവിൽ സജ്ജമാണ്. ആവശ്യകത അനുസരിച്ച് കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തി സോഫ്റ്റ് വെയർ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| 2019 | 1984 |
| 2020 | 2738 |
| 2021 | 3381 |
| 2022 | 9335 |
| 2023 | 1489 |